I.ഇ.ബി.XI-കേരള നിയമസഭ/IV-1

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂൺ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ . വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

### തൃശ്ശൂർ കളക്ടറേറ്റിലേയ്ക്ക് മാർച്ചു ചെയ്ത ചെത്തു തൊഴിലാളികൾക്കുനേരെ നടന്നതായി പറയപ്പെടുന്ന പോലീസ് അതിക്രമങ്ങൾ:

മി. സ്പീക്കർ: യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച മദ്യനയത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട അംപതിനായിരത്തോളം കള്ളുചെത്തുവ്യവസായത്തൊഴിലാളികൾ നടത്തുന്ന സമരത്തിന്റെ ഭാഗമായി കളക്ടറേറ്റിലേയ്ക്ക് മാർച്ചു ചെയ്ത തൃശ്ശൂരിലെ തൊഴിലാളികൾക്ക് നേരെ പൊലീസ് ലാത്തിച്ചാർജ്ജും മർദ്ദനവും അഴിച്ചുവിടുകയും സി.പി.ഐ.നിയമസഭാകക്ഷി നേതാവ് ശ്രീ.കെ.പി.രാജേന്ദ്രൻ ഉൾപ്പെടെ നൂറ്റിമുപ്പതോളം പേരെ വധശ്രമം ആരോപിച്ച് ജയിലിൽ അടച്ച് മർദ്ദിക്കുകയും ചെയ്തതിനെത്തുടർന്ന് സംസ്ഥാനത്ത് സംജാതമായതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് സഭാനടപടികൾ നിർത്തിവച്ച് അടിയന്തിരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, ബിനോയ് വിശ്വം, എ.സി.ഷൺമുഖദാസ്, വി.സി.കബീർ, എ.എ.അസീ

സ്, കെ.രാധാകൃഷ്ണൻ, ഡോ.എ.നീലലോഹിതദാസൻ നാടാർ, ഡോ.കെ.സി.ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): കളളുചെത്തു വ്യവസായത്തൊഴിലാളി സംയുക്ത സമരസമിതിയുടെ ആഹ്വാന പ്രകാരം ശ്രീ.കെ.പി.രാജേന്ദ്രൻ എം.എൽ.എ.യുടേയും മറ്റും നേതൃത്വത്തിൽ രണ്ടായിരത്തോളം ചെത്തുതൊഴിലാളികൾ 4.6.2002-ൽ തൃശ്ശൂർ കളക്ടറേറ്റിലേയ്ക്ക് നടത്തിയ പ്രകടനം അക്രമാസക്തമായതിനെത്തുടർന്ന് സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് പ്രകടനക്കാരോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും പിരിഞ്ഞുപോകാതിരുന്നതിനാൽ അവരെ പിരിച്ചുവിടുന്നതിനുവേണ്ടി കണ്ണീർവാതക ഷെല്ലുകൾ പൊട്ടിക്കുകയും റബ്ബർ ബുള്ളറ്റ് ഉപയോഗിച്ച് വെടിവയ്ക്കുകയും ചെയ്തു. എന്നിട്ടും പിരിഞ്ഞുപോകാതെ നിന്ന ജനക്കൂട്ടത്തെ ലാത്തിവീശി വിരട്ടി ഓടിച്ചു. ചിതറി ഓടിയ ജനക്കൂട്ടം

തൃശ്ശൂർ നഗരത്തിനുചുറ്റും കേന്ദ്രീകരിച്ചു. വ്യാപാര സ്ഥാപനങ്ങൾക്കു കല്ലെറിയുകും കൊള്ളയും കൊള്ളിവയ്പും നടത്തുകയും ചെയ്തു. ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ വീടിനുനേരേയും ആക്രമണമുണ്ടായി. അക്രമസംഭവങ്ങളുടെ ഭീകരതയെക്കുറിച്ച് മാധ്യമങ്ങളെല്ലാം റിപ്പോർട്ട്ചെയ്തിട്ടുണ്ട്. ഇത്തരം സമരങ്ങൾ ഒരു ജനാധിപത്യ സംവിധാനത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഈ സാഹചര്യത്തിൽ, ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സമീപകാല കേരളചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു പോലീസ് വേട്ടയാണ് തൃശ്ശൂർ കളക്ടറേറ്റിലേയ്ക്ക് മാർച്ചുചെയ്ത കള്ളുചെത്തു വ്യവസായത്തൊഴിലാളികളുടെ നേർക്ക് ഉണ്ടായത്.

സംയുക്ത സമരസമിതിയുടെ ആഹ്വാന പ്രകാരം നടത്തിയ പ്രകടനത്തിൽ പങ്കെടുത്തവരെ ലാത്തിച്ചാർജ്ജ്ചെയ്യുകയും ബുള്ളറ്റ്വെടി വയ്ക്കുകയും ചെയ്തു. സി.പി.ഐ. നിയമസഭാ കക്ഷി നേതാവ് ശ്രീ.കെ.പി.രാജേന്ദ്രനെ 307-ാം വകുപ്പ് അനുസരിച്ച് അറസ്റ്റുചെയ്ത് ജയിലിൽ അടച്ചിരിക്കുകയാണ്. വധോദ്യമം ചാർജ്ജ് ചെയ്ത കേസ്സുമായി ബന്ധപ്പെട്ട് പോലീസുകാർ ആരുംതന്നെ പരിക്കേറ്റ് ആശുപത്രിയിൽ കിടക്കുന്നില്ല. നാൽപത്തിയഞ്ചോളം കേസ്സുകൾ രജിസ്റ്റർ ചെയ്തു. കള്ളക്കേസ്സുകൾ ചാർജ്ജു ചെയ്ത് തൃശ്ശൂർ ജില്ലയിൽ ഒരു ഭീകരാന്തരീക്ഷമാണ് ഉണ്ടാക്കിയിരിക്കുന്നത്. 10 പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽ നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുകയാണ്. അറസ്റ്റുചെയ്ത് ജയിലിൽ അടച്ചവരെയെല്ലാം പോലീസ് ഭീകരമായി മർദ്ദിച്ച് അവശരാക്കിയിരിക്കുകയാണ്. നിരവധി ചെത്തു തൊഴിലാളികൾ ഭീകരമായി മർദ്ദിക്കപ്പെട്ട് ഇപ്പോഴും ജയിലിൽ കഴിയുന്നു. മുഖ്യമന്ത്രി ഇടപെട്ട് ഇവരെ മോചിപ്പിക്കേണ്ടതായിരുന്നു. ഗവണ്മെന്റുകൾ മാറിമാറി വരും. എൽ.ഡി.എഫ് ഭരണകാലത്ത് എത്രയോ സമരങ്ങൾക്ക് നേതൃത്വം കൊടുത്തയാളാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി. അപ്പോഴൊന്നും പ്രതിപക്ഷ നേതാക്കൻമാരുടെ പേരിൽ കേസ് എടുത്തിട്ടില്ല. മദ്യ മുതലാളിമാരെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിയാണ് ഇപ്പോൾ ചെത്തുതൊഴിലാളികളുടെ സമരം

അടിച്ചമർത്തുന്നത്. ചെത്തുതൊഴിലാളികൾ നടത്തുന്നത് ജീവിതസമരമാണ്. എത്രയും വേഗം സമരം ഒത്തു തീർപ്പാക്കണം. സി.പി.ഐ-യുടെ നിയമസഭാ കക്ഷി നേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ, എം.എൽ.എ-യുടെയും ഉൾപ്പെടെ 130 തൊഴിലാളികളുടെയും പേരിൽ ചുമത്തിയിട്ടുള്ള മുഴുവൻ കള്ളക്കേസുകളും പിൻവലിക്കണം.സംഭവങ്ങളുടെ യഥാർത്ഥ സ്ഥിതി വെളിച്ചത്തു കൊണ്ടുവരുന്നതിന് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ചു ചർച്ച ചെയ്യണം.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻഃ</u> ചെത്തുതൊഴിലാളികളുടെ സമരം അക്രമാസക്തമായത് തൃശൂരിന്റെ സൽപ്പേരിന് കളങ്കമുണ്ടാക്കിയിരിക്കുകയാണ്. സമരത്തിന്റെ മറവിൽ വാഹനങ്ങൾ, വീടുകൾ, കടകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം ആക്രമിക്കപ്പെട്ടു. എം.എൽ.എ. യായ എന്റെ വീടും കാറും ആക്രമിച്ച് കേടു വരുത്തി. അക്രമം മുൻകൂട്ടി മനസ്സിലാക്കിയിട്ടും അക്രമം തടയുന്നതിൽ പോലീസ് ഗുരുതരമായ വീഴ്ച വരുത്തി. ശ്രീ. കെ.പി. രാജേന്ദ്രന്റെ പേരിൽകേസ് ചാർജ് ചെയ്തിരിക്കുന്നത് പോലീസ് വരുത്തിയ വീഴ്ച മറച്ചു വയ്ക്കാൻ വേണ്ടിയാണ്. ഇത് നീതീകരിക്കാൻ കഴിയുകയില്ല. സമരം ഒത്തു തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ.എ.കെ ആന്റണി)ഃ</u> ചെത്തുതൊഴിലാളികളുടെ സമരവമായി ബന്ധപ്പെട്ട് തൃശൂരുണ്ടായ സംഭവം കേരളത്തിൽ സമീപ കാലത്തുണ്ടായ ഏററവും വലിയ അക്രമ സംഭവങ്ങളിൽ ഒന്നാണ്. എങ്കിലും സമരക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളോട് ഗവണ്മെന്റ് നിഷേധാത്മക സമീപനം സ്വീകരിക്കുകയില്ല. പ്രവർത്തിപ്പിക്കാൻ കഴിയാത്ത മുഴുവൻ ഷാപ്പുകളും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതിനാവശ്യമായ ചർച്ചകൾ എക്സൈസ് മന്ത്രി നടത്തി വരുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ-യെ അറസ്റ്റ് ചെയ്തത് രഹസ്യമായിട്ടല്ല. ട്രെയിനിൽ വന്ന എം.എൽ.എ -യെ റയിൽവേ സ്റ്റേഷനിൽ വച്ചാണ് അറസ്റ്റ് ചെയ്തത്. അദ്ദേഹം ഇപ്പോഴും ജയിലിൽ കിടക്കുന്നതിന് കാരണം പ്രതിപക്ഷം കൈക്കൊണ്ട രാഷ്ട്രീയ തീരുമാനമാണ്. ശ്രീ.കെ.പി.രാജേന്ദ്രന് നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി ജാമ്യം അനുവദിച്ചെങ്കിലും അദ്ദേഹം അത് നിരസിച്ചത് ഇന്ന് ഈ പ്രശ്നം നിയമസഭയിൽ അടിയന്തിര പ്രമേയമായി അവതരിപ്പിക്കുന്നതിനു വേണ്ടിയാണ്. അന്നുണ്ടായ അക്രമസംഭവങ്ങളെ അപലപിക്കാത്ത പ്രതിപക്ഷ നിലപാട് ഖേദകരമാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് 5 ഡി. വൈ. എസ്.പി.മാർ ഉൾപ്പെടെ 65 പോലീസുകാർക്ക് ഗുരുതരമായി പരിക്കേററു. ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യഷാപ്പ് ഉൾപ്പെടെ നിരവധി കടകൾ ആക്രമിക്കപ്പെട്ടു. സമരത്തിന്റെ പേരിൽ നടക്കുന്ന അക്രമസംഭവങ്ങളെ പ്രതിപക്ഷം പ്രോൽസാഹിപ്പിക്കുന്നത് ശരിയല്ല.തൃശൂരിൽ നടന്ന അക്രമസംഭവങ്ങൾക്ക് ഉത്തരവാദികളായവരുടെ പേരിൽ നിയമപരമായ നടപടി സ്വീകരിക്കും. തൊഴിലാളി യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി പൂട്ടിക്കിടക്കുന്ന ഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിര പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷിനേതാക്കന്മാരായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ, ശ്രീ. ബിനോയ് വിശ്വം, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ.സി. ജോസഫ്, ശ്രീ.എ.സി. ഷൺമുഖദാസ്, ശ്രീ. എ.എ. അസീസ് എന്നീ അംഗങ്ങൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ടു പുറത്തുപോയി. അല്പസമയത്തനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി</u>:

<u>ഡോ.തോമസ് ഐസക്</u>: കേരളത്തിലെ രണ്ടര ലക്ഷത്തോളം വരുന്ന കയർത്തൊഴിലാളി കുടുംബങ്ങളുടെ ജീവിതം ഇന്ന് ഗതിമുട്ടിയിരിക്കുകയാണ്. കയറിന്റെ കയറ്റുമതിയിലുണ്ടായ കുറവ്, കയർ ശേഖരിക്കാൻ സർക്കാരിന് കഴിയാത്ത അവസ്ഥ, കയറുല്പന്നങ്ങളുടെ വിലയിടിവ്, കൂലിക്കുറവ് എന്നീ കാരണങ്ങളാൽ ഈ വ്യവസായം സ്തംഭനത്തിലേയ്ക്ക് നീങ്ങുകയാണ്. ഗവൺമെന്റ് തുടർന്നുവരുന്ന നയങ്ങൾ അറിഞ്ഞോ അറിയാതെയോ ഈ അവസ്ഥയ്ക്ക് ഒത്താശ ചെയ്തുകൊണ്ടിരിക്കുകയാണ്. 1966-ൽ രൂപയുടെ വിനിമയ മൂല്യം വെട്ടിക്കുറച്ചപ്പോൾ കയറിന് എക്സ്പോർട്ട് ഡ്യൂട്ടി ചുമത്താൻ തയ്യാറായ കേന്ദ്ര ഗവൺമെന്റ് ഇന്ന് കയറിന്റെ തറവില എടുത്തുമാറ്റി , ഇവിടത്തെ മുതലാളിമാരെ അന്യോന്യം മൽസരിപ്പിച്ച് വില കുറപ്പിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഡിസ്ട്രസ്സ് പർച്ചേസിന് 8 കോടി രൂപ അനുവദിച്ചുവെങ്കിലും ഇന്നുവരെ ഒരു കിലോഗ്രാം കയറുപോലും വാങ്ങിയിട്ടില്ല. ആലപ്പുഴയിലെ അഞ്ച് കയറ്റുമതി മുതലാളിമാരുടെ ഒരു സംഘമാണ് വില നിശ്ചയിക്കുന്നതും എപ്പോൾ എങ്ങനെ വാങ്ങണമെന്ന് തീരുമാനിക്കുന്നതും. ഈ മേഖലയിൽ നടന്ന സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. 300 കോടി രൂപയുടെ കച്ചവടം നടക്കുന്ന ഈ വ്യവസായ മേഖലയിൽ സർക്കാർ അനുവദിച്ച 8 കോടി രൂപയ്ക്ക് ഉൽപന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങിയാൽത്തന്നെ അത് ബാക്കിയുള്ളവയുടെ വില ഉയർത്താൻ സഹായിക്കും. എന്നാൽ ഇന്ന് സർക്കാരിന്റെ ഡിസ്ട്രസ്സ് പർച്ചേസ് സ്കീം കയർ മേഖലയിൽ വിലയിടിയാനുള്ള ഒരു ഉപാധിയായി മാറിയിരിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് സന്നദ്ധമാകണമെന്നും കയർ തൊഴിലാളികളെ പ്രക്ഷോഭത്തിലേയ്ക്ക് തള്ളിവിടരുതെന്നും അപേക്ഷിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ ഗരിയമ്മ): കയർ മേഖലയിൽ നിലനിന്നിരുന്ന പ്രതിസന്ധി പൊതുമേഖലയിലും ചെറുകിട ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിലും വിഷമമുണ്ടാക്കിയിരുന്നു. ഇപ്പോൾ ചെറുകിട ഫാക്ടറികൾക്ക് ഒരു കൊല്ലത്തിലധികം പ്രവർത്തിക്കാനാവശ്യമായ ഓർഡറുണ്ട്. അഞ്ചുതെങ്ങു കയറിനും വൈക്കം കയറിനും മാർക്കറ്റുണ്ട്. ആറാട്ടുപുഴ കയറിനു മാത്രമാണ് ഇപ്പോൾ ഡിസ്ട്രസ്സുള്ളത്. റിബേറ്റ് കുടിശ്ശിക കൊടുത്തുതീർത്തിട്ടുള്ളതിനാൽ സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ പണം ഇന്ന് പ്രശ്നമല്ല. ഗവേഷണവും തൊഴിലാളികളുടെ സഹകരണവുമാണ് കയർ വ്യവസായം നിലനിർത്താൻ ഇന്ന് ആവശ്യം. ആവശ്യക്കാരുടെ അഭിരുചിക്കൊത്ത് സാധനങ്ങൾ ഉണ്ടാക്കാൻ തയ്യാറാകണം. കയർ വിറ്റഴിക്കാൻ കഴിഞ്ഞ വർഷം കയർഫെഡ്ഡിനും കയർ കോർപ്പറേഷനും ഏഴു കോടി രൂപ റിബേറ്റിനത്തിൽ കൊടുത്തു. കയർ വ്യവസായം കുറെക്കൂടി അഭിവൃദ്ധിപ്പെടുത്തണം; അതിനായി പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഈ മേഖലയിൽ കയർ കോർപ്പറേഷനും കയർഫെഡ്ഡും അനുവർത്തിച്ചുവന്നിരുന്ന നയംതന്നെയാണ് തുടരുന്നത്.

(2) എഫ്.എ.സി.ടി. സ്വകാര്യവത്കരിക്കൽ:

ശ്രീ.കെ.മുഹമ്മദാലി: ഇന്ത്യയിലെ പ്രമുഖമായതും അയ്യായിരത്തോളം കോടി രൂപയുടെ അസ്സറ്റുള്ളത് 1998 വരെ ലാഭകരമായി പ്രവർത്തിച്ചിരുന്നതുമായ എഫ്.എ.സി.ടി.യുടെ 51 ശതമാനം ഓഹരി സ്വകാര്യവത്കരിക്കുന്നതിനും മാനേജുമെന്റിന്റെ പൂർണ്ണമായ നിയന്ത്രണം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കുന്നതിനുമുള്ള കേന്ദ്രമന്ത്രിസഭാ ഉപസമിതിയുടെ തീരുമാനം പുന:പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ.ആന്റണി) : എഫ്. എ. സി.ടി. സ്വകാര്യവൽക്കരിക്കുന്നതു സംബന്ധിച്ച് പത്രറിപ്പോർട്ടിൽ നിന്നുളള അറിവ് മാത്രമേ സംസ്ഥാന ഗവൺമെന്റിനുളളു. ഇതു സംബന്ധിച്ച് ഔദ്യോഗികമായ തീരുമാനങ്ങളൊന്നും എഫ്. എ. സി. ടി. ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുളളത്. ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റുമായി ചർച്ച നടന്നിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം പ്രത്യേകം ശ്രദ്ധിക്കാം.

## സബ്മിഷൻ

(1) തൊടുപുഴ വെളളിയാമറ്റം പഞ്ചായത്തിൽ മേത്തൊട്ടിയിൽ നടന്ന വൃക്ക വിൽപ്പന

ശ്രീ.പി.ടി.തോമസ് : തൊടുപുഴ നിയോജകമണ്ഡലത്തിലെ വെള്ളിയാമറ്റം പഞ്ചായത്തിലുൾപ്പെടുന്ന മേത്തൊട്ടി ആദിവാസി മേഖലയിലെ എട്ടോളം ആളുകൾ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിലും നാഷണൽ ഹോസ്പിറ്റലിലുമായി വൃക്ക വിററ സംഭവമുണ്ടായി. പാവപ്പെട്ട ആളുകളെ പ്രലോഭിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടക്കുന്ന സംഭവമാണോ ഇതെന്ന് മെഡിക്കൽ കോളേജിലെ ആതറൈസേഷൻ കമ്മിററി ഗൗരവമായി പരിശോധിക്കേണ്ടതായിരുന്നു. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ.ആന്റണി) : ഇടുക്കി ജില്ലയിലെ എട്ട് ആളുകൾ വൃക്ക സംഭാവന ചെയ്തതു സംബന്ധിച്ച് ജില്ലാ സൂപ്രണ്ട് അന്വേഷണം നടത്തി. ഇവർ പഞ്ചായത്ത്/ വില്ലേജ് ഓഫീസിൽ നിന്നും ഐഡന്റിഫിക്കേഷൻ റിക്കാർഡ് സഹിതം കോഴിക്കോട്ടുള്ള ആതറൈസേഷൻ കമ്മിററി മുൻപാകെ ഹാജരായി അനുവാദം വാങ്ങി സ്വമനസാലെയാണ് വൃക്ക ദാനം ചെയ്തിട്ടുള്ളത്. ഇതു സംബന്ധിച്ച് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് നടത്തിയ അന്വേഷണത്തിലും നിയമാനുസൃ തമായ രീതിയിലാണ് ഇവർ വൃക്ക വിററിരിക്കുന്നതെന്നാണ് മനസ്സിലാകുന്നത്. ഇതു സംബന്ധിച്ച് പ്രത്യേകമായി അന്വേ ഷിക്കാം.

(2) പുലാമന്തോൾ പാലം തകർന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

ശ്രീ.സി.പി. മുഹമ്മദ് : മലപ്പുറം, പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്ന കുന്തപ്പുഴയ്ക്ക് മുകളിലുള്ള പുലാമന്തോൾ പാലം തകർന്നതുമൂലം പതിനായിരക്കണക്കിന് ജനങ്ങളുടെ യാത്രാ പ്രശ്നം അതീവഗുരുതരമായിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ ഈ പാലം പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം.കെ. മുനീർ) : ഈ പാലം തകർന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16-4-2002 -ൽ നടന്ന മന്ത്രിതല യോഗത്തിൽ ഈ പാലത്തിന്റെ പുനർനിർമ്മാണ ജോലികൾ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ അററകുററപ്പണികൾ തീർത്ത് കാൽനട യാത്രക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

പുതിയ പാലം നിർമ്മിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കേരള ദിനേശ് ബീഡി വ്യവസായം അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. എം. വി. ജയരാജൻ : കാൽ ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതും മിനിമം കൂലിയുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നൽകുന്നതുമായ കേരള ദിനേശ് ബീഡി വ്യവസായം കേന്ദ്ര സംസ്ഥാന ഗവണ്മെൻറു

കളുടെ നയവും കോടതിയുടെ പുകവലി നിരോധന വിധിയും മൂലം ഇന്നു നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരം കാണണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : ദിനേശ് ബീഡി വ്യവസായത്തിൽ പ്രതിസന്ധിയുണ്ടെന്നുളളത് ശരിയാണ്. ബീഡി വ്യവസായം പൊതുവെ പ്രോത്സാഹനം അർഹിക്കുന്നതല്ല. വ്യവസായത്തെ സംരക്ഷിക്കാൻ സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന കാര്യം ചെയ്യുന്നതാണ്.

(3) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം

ശ്രീ. ജോസഫ് എം. പുതുശ്ശേരി : എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത മാറ്റി ഗവണ്മെന്റ് നിലപാട് വ്യക്തമാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 2003 മാർച്ച് മാസം മുതൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കരിക്കുലം കമ്മിററിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാർക്ക്-കം-ഗ്രേഡിംഗ് സിസ്ററം ഏർപ്പെടുത്താൻ പോകുകയാണ്. വൈജ്ഞാനിക മേഖലയിൽ 80 മാർക്കും സഹവൈജ്ഞാനിക മേഖലയിൽ 20 മാർക്കുമാണ് ഉദ്ദേശിക്കുന്നത്. പുതിയ രീതി അവലംബിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഈ വർഷം എട്ടാം ക്ളാസു മുതൽ മാനുത്തിന് വിധേയമാക്കുന്നുണ്ട്. ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ മൂന്നു മണിക്കൂർ വീതമുള്ള ആറു പേപ്പറായി ചുരുക്കുകയാണ്. ഗ്രേസ് മാർക്ക് സമ്പ്രദായം ഉണ്ടാകും. എന്നാൽ മോഡറേഷൻ ഉണ്ടാവുകയില്ല. 90 മാർക്കു മുതൽ 100 മാർക്കുവരെ എ1. 80 മുതൽ 89 വരെ എ2. 70 മുതൽ 79 വരെ ബി1. 60 മുതൽ 69 വരെ ബി2. 50 മുതൽ 59 വരെ സി1. 40 മുതൽ 49 വരെ സി2. 30 മുതൽ 39 വരെ ഡി1. 20 മാർക്കു മുതൽ 29 മാർക്കു വരെ ഡി2. അവസാനം ഇ1. ഇങ്ങനെയാണ് ഗ്രേഡ് നിശ്ചയിക്കുന്നത്. ഹയർ സെക്കണ്ടറിക്കുള്ള ക്വാളിഫിക്കേഷൻ സി2 ഗ്രേഡാണ്. ഈ മാനദണ്ഡത്തിന്റ അടിസ്ഥാനത്തിൽ ഇക്കൊല്ലം തന്നെ തടസ്സം ഇല്ലാതെ എസ്. എസ്. എൽ. സി. പരീക്ഷ നടത്താൻ സാധിക്കും.

കുഴൽമന്ദംഗവൺമെന്റ് ഐ. ററി. ഐ. കെട്ടിടത്ത്ിന്റെ നിർമ്മാണം

കുഴൽമന്ദം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ. ററി. ഐ. ലെ നൂറോളം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസംഇന്ന് സ്തംഭനാവസ്ഥയിലാണ്. പുതിയ കെട്ടിടത്തിന്റ പണിയിലുണ്ടായിരിക്കുന്ന സാങ്കേതിക ബുദ്ധിമുട്ടു

കൾ ഒഴിവാക്കി എത്രയും വേഗം പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഐ. ടി. ഐ. കെട്ടിടത്തിന് ആകെ 150 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 1999-ൽ ആരംഭിച്ച പണിയാണിത്. ഇതിനുവേണ്ടി ഹൈക്കോടതി വിധി പ്രകാരം 10 ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ചെയർമാൻമാരുടെ പാനൽ

ശ്രീ.കെ.സി.വേണുഗോപാൽ: ശ്രീ.സി.ടി.അഹമ്മദ് അലി, ഡോ.കെ.സി.ജോസഫ് എന്നീ ബഹുമാനപപെട്ട അംഗങ്ങളെ 11-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ നാമനിർദ്ദേശം ചെയ്തു.

മേശപ്പുറത്തുവച്ച കടലാസുകൾ:

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചിട്ടുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

റിപ്പോർട്ട് സമർപ്പണം:

2002-2003-ാം ആണ്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നു മുതൽ പത്തുവരെയുള്ള സബ്ജക്ട് കമ്മിററികളുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

ശ്രീ.വി.എസ് അച്ചുതാനന്ദൻ: ദൃശ്യമാധ്യമങ്ങൾക്ക് ഏതോ കാര്യമായ വിലക്കുകൾ ഉണ്ടായിയെന്നു പറഞ്ഞുകൊണ്ട് അവർ എന്നെ സമീപിക്കുകയും ഞാൻ അതു സംബന്ധിച്ച് എന്താണ് സംഭവിച്ചതെന്ന് സ്പീക്കറിൽന്ന്ന് മനസ്സിലാക്കാൻ ശ്രമിക്കുകയുമുണ്ടായി. ഇത്നെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലരാട് എന്താണ്?

മി.സ്പീക്കർ: ഇതിവിടെ ഉന്നയിക്കേണ്ട കാര്യമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്തങ്കിലും ഇതിനെ സംബന്ധിച്ച് പറയാനുണ്ടെങ്കിൽ എന്റെ മുറിയിൽ കണ്ടു പറയാം. അതല്ലെങ്കിൽ ബി.എ.സി.യിൽ ഉന്നയിക്കാം.

നിയമനിർമ്മാണകാര്യം

<u>2002-ലെ പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിററിക്ക് അയയ്ക്കണമെന്ന പ്രമേയവും:</u>

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.കെ.ശങ്കരനാരായണൻ):</u> 2002 -ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

<u>മി.സ്പീക്കർ:</u> ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.കെ. ശങ്കരനാരായണൻ)</u>: 2002-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ സാംപത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജകട് കമ്മിററിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി <u>(ശ്രീ.എം.വി.രാഘവൻ)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ഡോ.തോമസ് ഐസക്:</u> This House resolves to disapprove The Kerala General SDales Tax (Amendments) Ordinance, 2002 (Ordinance No.2 of 2002) and The Kerala General Sales Tax (Second Amendment) Ordinance, 2002 (Ordinance No.4 of 2002).എന്ന പ്രമേയം അവതരിപ്പിക്കുന്നു. V.A.T. വരുന്നതിന്റെ പശ്ചാത്തലത്തിൽ ഭാരത സർക്കാർ സ്വീകരിക്കാൻ പോകുന്ന ഏകീകൃത നിരക്കുകളെക്കാൾ കുറവായിട്ടുള്ള നമ്മുടെ ആക്ടിലെ പൊതുവില്പന നികുതി നിരക്കുകൾ ഏകീകരിക്കുന്നതിനുവേണ്ടിയാണ് 2001 ഡിസംബറിലും 2002 ഏപ്രിലിലും രണ്ട് ഓർഡിനൻസുകൾ ഇറക്കിയത്. ഒരു വർഷത്തിനുശേഷം വി.എ.ടി. സംപ്രദായം വരുന്നുവെന്നുള്ളതുകൊണ്ട് ഇന്നുതന്നെ നമ്മുടെ നികുതി നിരക്കുകൾ വ്ര്ദ്ധിപ്പിക്കേണ്ടതില്ല. പെട്രോളിയം ഉല്പന്നങ്ങൾക്ക് ഇപപോൾ നിലവിലുള്ളദ്വിമുഖ നികുതി ഏകമുഖ നികുതിയാക്കി മാററാൻ തീരുമാനിക്കുകയുണ്ടായി. അതിനുവേണ്ടി 1963-ലെ കേരള പൊതുവില്പന നികുതി ആക്ട് വീണ്ടും ഭേദഗതി ചെയ്യേണ്ടിവന്നു. അതനുസരിച്ച് പുറപ്പെടുവിച്ച ഓർഡിനൻസുകൾക്ക് പകരം നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരാനുള്ളതാണ് ഈ ബിൽ. കഴിഞ്ഞ വർഷത്തെ വിററുവരവ് നികുതിയുടെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. നികുതി ഘടനയിൽ മാററം വരുത്തുന്നുവെന്ന് പറഞ്ഞ് യഥാർത്ഥ്ത്തിൽ നികുതി വർദ്ധിപ്പിക്കുകയായിരുന്നു. ഈ നികുതി നിരക്ക് വർദ്ധനയുടെ ഫലമായിട്ട് ഈ മാസം ആദ്യം പെട്രോളിന് രണ്ടര രൂപയും ഡീസലിന് ഒന്നര രൂപയും വച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ കൊണ്ടുവരാൻ പോകുന്ന പുതിയ സംപ്രദായത്തിൽ അന്തർദേശീയ വിലകളിൽ വരുന്ന മാററമനുസരിച്ച് എണ്ണ കംപനികൾക്ക്

ഈരണ്ട് ആഴ്ച കൂടുംപോൾ വില പുതുക്കി നിശ്ചയിക്കുന്നതിന് സന്ദർഭം നൽകുന്നു. വിലയിൽ മാറ്റം വരുംപോൾ അത് നിയന്ത്രിക്കുന്നതിന് സർക്കാരിന് എന്ത് മാർഗ്ഗമാണുള്ളത്. മുമ്മൂന്നു മാസം കൂടുംപോൾ കേന്ദ്ര സർക്കാർ എക്സൈസ് ഡ്യൂട്ടിയിൽ ഇതനനുസൃതമായി മാറ്റങ്ങൾ വരുത്തി നിയന്ത്രിക്കാൻ ശ്രമിക്കും. വിവിധ ഇനങ്ങൾക്ക് 5 ശതമാനം മുതൽ 12 ശതമാനം വരെ ഏകീകരണത്തിന്റെ പേരും പറഞ്ഞ് ഡബിൾ ടാക്സിൽനിന്നും സിംഗിൾ ടാക്സിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അതിൽനിന്നും കിട്ടുന്ന അധിക വരുമാനം എത്രയാണെന്ന് വിശകലനം ചെയ്യേണ്ടതാണ്. കേന്ദ്ര സർക്കാർ വരുത്തുന്ന മാറ്റങ്ങൾക്ക് അനുസൃതമായി മുഴുവൻ കാലവും സംസ്ഥാന സർക്കാരിന് താങ്ങാൻ കഴിയുകയില്ല എന്നുള്ളത് ശരി തന്നെ. പക്ഷേ നികുതി നിരക്ക് വർദ്ധിപ്പിച്ചതിന്റെ ന്യായീകരണം നൽകണം. വാഹന പരിശോധനയും കട പരിശോധനയും കുറഞ്ഞിരിക്കുകയാണ്. പിരിക്കാവുന്ന നികുതിതന്നെ പിരിച്ചെടുക്കുന്നില്ല. ജനങ്ങളുടെ മേൽ അധികഭാരം ഏല്പിക്കുന്ന ഈ ബിൽ നിരാകരിക്കണം

<u>ശ്രീ.ടി.കെ.ദേവകുമാർ</u>: ഈ ബിൽ നിരാകരിക്കണം. പെട്രോളിനും ഡീസലിനും മണ്ണെണ്ണയ്ക്കും വില വർദ്ധിപ്പിച്ചതിന്റെ ഫലമായി ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. വില്പന നികുതിയിനത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് തെറ്റായ നയമാണ്. യാതൊരു മാനദണ്ഡവുമില്ലാതെ ജനങ്ങളുടെ മേൽ പ്രത്യക്ഷമായും പരോക്ഷമായും നികുതി അടിച്ചേല്പിക്കുവാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. വില്പന നികുതിയിനത്തിൽ സസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്ന സ്ഥിതിയുണ്ടാകും. നിലവിലുള്ള നികുതികൾ പിരിച്ചെടുക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. നിലവിലുള്ള നികുതികൾ ഊർജിതമായി പിരിച്ചെടുക്കുന്നതിനുപകരം മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന കോഴിക്ക് വില്പന നികുതി ഇളവ് നല്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഗവൺമെന്റ് അതിന് ഉത്തരവാദിയല്ലെന്ന് വരുത്തിത്തീർക്കുന്നതിന് താഴെത്തലത്തിലുള്ള ഉദ്യോഗസ്ഥന്റെമേൽ കുറ്റം ചുമത്തി തടി തപ്പിയിരിക്കുന്നു. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ജീവനക്കാരും നിയമസഭാംഗങ്ങളും പരമാവധി സഹകരിക്കണമെന്നാവശ്യപ്പെടുമ്പോഴും മന്ത്രിമാരുടെ യാത്രാച്ചെലവ്, ടെലഫോൺ ചാർജ് തുടങ്ങിയവയിൽ ഭീമമായ വർദ്ധനവാണുണ്ടായിരിക്കുന്നത്. അതേസമയം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയ്ക്ക് വില വർദ്ധിപ്പിച്ചിരിക്കുന്നു.. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളാകെ തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതിനാൽ ഈ ബിൽ പിൻവലിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u> : ബിൽ 30–6–2002 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പെട്രോളിയം ഉല്പന്നങ്ങൾക്കും കമ്പ്യൂട്ടർ സോഫ്റ്റ്വെയറിനുമൊക്കെ ചുമത്തിയിരിക്കുന്ന അധിക നികുതി സംസ്ഥാനത്തെ ജനങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും പ്രതികൂലമായി ബാധിക്കുന്നവയാണ്. സാധാരണക്കാരുടെമേൽ അധികനികുതി ചുമത്തുകയും നികുതി അടയ്ക്കുന്നതിൽ നിന്നൊഴിവാക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർസ്വീകരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ പണിമുടക്കുകാലത്ത് ചെക്കുപോസ്റ്റുകൾ തുറന്നിട്ടിരുന്നതിന്റെ ഫലമായി എൻട്രി ടാക്സ് ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വലിയൊരു തുക നഷ്ടമാകുകയുണ്ടായി. കമ്പ്യൂട്ടർ സോഫ്റ്റ് വെയറിന് നികുതി വർദ്ധിപ്പിച്ചതുകാരണം പലരും ഈ രംഗത്തുനിന്നു പുറകോട്ടുപോകുകയാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നത്, യാത്രാക്കൂലി, സാധനങ്ങളുടെ വില വർദ്ധനവ് തുടങ്ങി സമസ്ത മേഖലകളേയും പ്രതികൂലമായി ബാധിക്കും. നികുതി വർദ്ധിപ്പിക്കുന്നതിനു പകരം നിലവിലുള്ള നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതിനാണ് ഊന്നൽ കൊടുക്കേണ്ടത്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ സ്പിരിറ്റ് ഉൾപ്പെടെ പല സാധനങ്ങളും സംസ്ഥാനത്തേയ്ക്ക് അനധികൃതമായി കൊണ്ടുവരുന്നതിനാൽ സർക്കാരിന് ആയിനത്തിൽ വലിയ നഷ്ടമാണുണ്ടാകുന്നത്. സ്വർണ്ണത്തിന്റേയും അരിയുടേയും നികുതി വർദ്ധിപ്പിക്കുന്നതിന് എംപവേർഡ് കമ്മിററി തീരുമാനിച്ചപ്പോൾ നമ്മുടെ ധനകാര്യമന്ത്രി ഇടപെട്ട് ആ തീരുമാനം മാററാത്തതുമൂലം സംസ്ഥാനത്ത് ഗുരുതരമായ പ്രശ്നം ഉണ്ടായിരിക്കുകയാണ്. സ്വർണ്ണത്തിന് നാല് ശതമാനവും അരിക്ക് ഒരു ശതമാനവുമാക്കി നികുതി നിരക്ക് നിജപ്പെടുത്തണം. പൊതജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ.വി.ഡി.സതീശൻ:</u> ബിൽ സെലക്ട് കമ്മിററിക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബില്ലിലുള്ള എല്ലാ നിർദ്ദേശങ്ങളും വളരെ സുതാര്യവും രാജ്യത്തെ നികുതി സംപ്രദായത്തിൽ വരുത്താൻ പോകുന്ന പരിഷ്ക്കാരങ്ങളുടെ ഭാഗമായിട്ടുള്ളതുമാണ്. നികുതി സംപ്രദായത്തിൽ കാലാനുസൃതമായ മാററങ്ങൾ അനിവാര്യമാണ്. സ്റ്റേററിന് ഏററവും കൂടുതൽ നികുതി വരുമാനമുള്ളത് പെട്രോളിയം പ്രോഡക്ട്സിൽനിന്നാണ്. അതിന് സിംഗിൾ പോയിന്റ്സ് ഏർപ്പെടുത്താൻ തീരുമാനിച്ചത് കാലാനുസൃതമായ മാററമാണ്. ഏകീകൃത നികുതി സംപ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന ധനകാര്യമന്ത്രിമാർ പങ്കെടുത്ത യോഗത്തിൽ എടുത്ത ഏകകണ്ഠമായ തീരുമാനമായിരുന്നു. മുൻ ധനകാര്യമന്ത്രി ആ യോഗത്തിൽ പങ്കെടുത്തിരുന്നു. VAT. വരുംപോൾ കൺസ്യൂമർ സംസ്ഥാനമായ കേരളത്തിനുണ്ടാകുന്ന നഷ്ടം കേന്ദ്ര ഗവൺമെന്റ് നികത്തുമെന്നും അന്ന് ഉറപ്പ് തന്നിരുന്നുവെങ്കിലും ആ ഉറപ്പ്

മുൻകാലൊത്തൊന്നും പാലിക്കപ്പെട്ടിട്ടില്ല. VAT നടപ്പാക്കുമ്പോഴുള്ള നഷ്ടം നികത്തിത്തരുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. VAT നടപ്പാക്കുമ്പോൾ സെയിൽ ടാക്സ് വർദ്ധിപ്പിക്കുന്നത് ബുദ്ധിപൂർവ്വമാണ്. കേന്ദ്ര ഗവൺമെന്റ് പല പ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ വില കൂട്ടിയിട്ടുണ്ട്. അപ്പോഴൊന്നും സംസ്ഥാന ഗവൺമെന്റുകൾ നികുതി കുറയ്ക്കണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിഞ്ഞ കാല ഗവൺമെന്റുകൾ തയ്യാറായിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റിനെ ഇപ്പോൾ കുറ്റപ്പെടുത്തുന്നത് ശരിയല്ല. 1963-ലെ ജനറൽ സെയിൽ ടാക്സ് ആക്ടിൽ സമൂലമായ മാറ്റം ഉണ്ടാക്കണം. നികുതി നിർദ്ദേശങ്ങളുടെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് കർണാടക ഗവൺമെന്റിനെ മാതൃകയാക്കാവുന്നതാണ്. ഉദ്യോഗസ്ഥൻമാർ കൊണ്ടുവരുന്ന അപ്രായോഗികമായ നികുതി നിർദ്ദേശങ്ങൾ നടപ്പാക്കരുത്. നികുതി നിർദ്ദേശങ്ങൾ കൊണ്ടു വരുന്നതിനു മുൻപ് ജനപ്രതിനിധികളുമായിആലോചിക്കണം.

ധനകാര്യവും എക്സൈസ്സും വകുപ്പു മന്ത്രി (ശ്രീ. കെ ശങ്കര നാരായണൻ): ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നതനുസരിച്ചാണ് ഈ ഭേദഗതി ബിൽഅവതരിപ്പിച്ചിട്ടുള്ളത്. ഗവൺമെന്റിന് ചില പ്രധാനപ്പെട്ട വിഷയങ്ങളിൽ തിടുക്കത്തിൽ തീരുമാനം എടുക്കേണ്ടതായിട്ട് വരും. 10-9-2001-ലെ ഉന്നതാധികാര കമ്മിറ്റിയുടെ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ നാലു സംസ്ഥാനങ്ങൾക്ക് ഇതിൽനിന്നും ഒഴിഞ്ഞു നില്ക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് തിടുക്കത്തിൽ ഇതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. കേരളത്തിലെ കൊച്ചിൻ റിഫൈനറി പോലുള്ള സ്ഥാപനങ്ങളേയും നമ്മുടെ നികുതി വരുമാനത്തേയും പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ടാണ് ഡബിൾ പോയിന്റിൽ നിന്നും സിംഗിൾ പോയിന്റിലേക്ക് മാറിയത്. കേന്ദ്ര ഗവൺമെന്റ് എക്സൈസ് തീരുവയും ഉല്പന്നങ്ങളുടെ വിലയും കുറച്ചപ്പോൾ നികുതി വരുമാനം കുറയാതിരിക്കാനാണ് നികുതി നിരക്ക് വർദ്ധിപ്പിച്ചത്. ഗവൺമെന്റിന് വരുമാനമുണ്ടാക്കുന്നതിനുവേണ്ടിയാണ് നികുതി വർദ്ധിപ്പിക്കാൻ തീരുമാനം എടുത്തത്. കള്ളക്കടത്ത് വസ്തുവകകളും വാഹനങ്ങളും പിടികൂടുന്നതിന് നികുതി വകുപ്പിന് അധികാരം നല്കുന്നതാണ് സെക്ഷൻ 30 എന്ന വകുപ്പ്. രണ്ടാഴ്ച മുൻപ് ഹൈക്കോടതി ഈ വ്യവസ്ഥ റദ്ദാക്കി. ഹൈക്കോടതിയിൽ ഇതിനെതിരെ സ്റ്റേ പെറ്റീഷൻ നൽകിയിട്ടുണ്ട്. സുപ്രീം കോടതിയിൽ അപ്പീൽ പോകാനും ശ്രമിക്കുന്നതാണ്. VAT സംബന്ധിച്ചുള്ള ഉന്നതാധികാര സമിതിയിൽ മുമ്പ് പങ്കെടുത്തിട്ടുണ്ട്. സ്വർണ്ണത്തിനും അരിക്കുമുള്ള നികുതികളിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ഏപ്രിൽ മേയ് മാസത്തിലെ സംസ്ഥാനത്തിലെ സെയിൽസ് ടാക്സ് പിരിവിന്റെ തോത് 31 ശതമാനം കൂടുതലാണ്. വൻകിടക്കാർക്ക് സ്റ്റേ അനുവദിക്കുന്നുമില്ല. അത്യാവശ്യം ചില കാര്യങ്ങളിൽ സ്റ്റേ അനുവദിക്കേണ്ടി വരും. മാഫിയ സംഘങ്ങളെ സംബന്ധിച്ച് ഇവിടെ പറഞ്ഞത് എഴുതിത്തന്നാൽ അന്വേഷിക്കുന്നതാണ്. എ. ഡി. ബി. പറയുന്നതെല്ലാം അതുപോലെ

പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുകയില്ല. സെയിൽസ് ടാകസ് പിരിവ് സ്വകാര്യ മേഖലയ്ക്ക് കൊടുക്കുകയില്ല. ബിൽ സബജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു. ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2002-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII - ാം നമ്പർ സബ്ജക്ട് കമമിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമമിററിക്കയയ്ക്കുകയും ചെയ്തു.

(2) <u>2002-ലെ കേരള വനിതാ കമമീഷൻ (ഭേദഗതി) ബിൽ</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി)</u>: 2002 -ലെ കേരള വനിതാ കമമീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമമാണം നടത്താൻ ഉണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുളള സ്റ്റേററ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി):</u> 2002 -ലെ കേരള വനിതാ കമമീഷൻ (ഭേദഗതി) ബിൽ സോഷ്യൽ സർവ്വീസസ് സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമമിററിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി <u>(ശ്രീ.കെ.ശങ്കരനാരായണൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ.എം.വി.ജയരാജൻ:</u> ഭരണഘടനയിൽ വിവക്ഷിക്കുന്നതുപോലുളള അടിയന്തിര സാഹചര്യമൊന്നുമില്ലാതെ ഈ ഓർഡിനൻസ് ധൃതിപിടിച്ച് പുറപ്പെടുവിച്ചത് ശരിയല്ല.വനിതാ കമമീഷനിലെ അംഗസംഖ്യ കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് 2001 ഡിസംബറിൽ ഗവൺമെന്റ് തീരുമാനമെടുത്തതാണ്. അതിനുശേഷം മാർച്ച് മാസത്തിൽ കൂടിയ നിയമസഭാ സമ്മേളനത്തിൽ ഇതു സംബന്ധിച്ച നിയമനിർമമാണം നടത്താൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു. വനിതാ കമമീഷനിലെ അംഗങ്ങളെ പിരിച്ചുവിടുന്നതിനുമുമ്പ് കമമീഷൻ അംഗങ്ങളോട് വിശദീകരണം തേടണമെന്നുളള ആക്ടിലെ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. കമമീഷനിലെ അംഗസംഖ്യ ഏഴിൽ നിന്ന് മൂന്നാക്കി ചുരുക്കിയപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഇല്ലാതായിരിക്കുകയാണ്. അധികച്ചെലവുണ്ടാക്കുന്നതാണ് ഈ നിയമനിർമമാണം. അത് മറച്ചുപിടിക്കാൻ വേണ്ടിയാണ് സഞ്ചിതനിധിക്ക് ഉണ്ടായേക്കാവുന്ന ചെലവ് ഈ ഘട്ടത്തിൽ തിട്ട

പ്പെടുത്താൻ സാധിക്കുകയില്ലെന്ന് പറഞ്ഞിരിക്കുന്നത്. നിയമവിരുദ്ധമായ ഈ നിയമനിർമ്മാണത്തിൽ നിന്ന് പിന്തിരിയണം.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: വനിതാ കമ്മീഷൻ ആക്ടിലെ വ്യവസ്ഥയനുസരിച്ച് കമ്മീഷനിലെ ഒരംഗം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിത ആയിരിക്കണമെന്നാണ്. രാഷ്ട്രപതിയുടെ മുൻകൂട്ടിയുളള അനുമതിയില്ലാതെ മൂലനിയമം ഭേദഗതി ചെയ്യാൻ പാടില്ലാത്തതാണ്. സിററിംഗ് ജഡ്ജിയായിരുന്ന ജസ്ററീസ് ശ്രീദേവിയെ രാഷ്ട്രപതിയുടെ അനുമതിയോടെയാണ് വനിതാ കമ്മീഷൻ ചെയർ പെഴ്സണായി നിയമിച്ചത്. രാഷ്ട്രപതിയുടെ അനുമതി ഇല്ലാതെ അംഗങ്ങളെ പിരിച്ചുവിട്ട നടപടി ഭരണഘടനാവിരുദ്ധമാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സ് നിലനിൽക്കുന്ന സാഹചര്യത്തിൽ സർക്കാർ ധൃതിപിടിച്ച് നിയമനിർമ്മാണം നടത്തുന്നത് ഹൈക്കോടതി വിധി മറികടക്കാൻ വേണ്ടിയാണ്. കമ്മീഷനിലെ അംഗങ്ങളെ പിരിച്ചുവിടുന്നതിനുമുമ്പ് നോട്ടീസ് കൊടുത്ത് അവർക്ക് പറയാനുളളത് കേൾക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. രണ്ടു മന്ത്രിമാർക്കും ഒരു എം.എൽ.എ.യ്ക്കുമെതിരായി പരാതി വന്ന സാഹചര്യത്തിൽ കമ്മീഷനെ പിരിച്ചുവിടാൻ ധൃതിപിടിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചതിൽ ദുരൂഹതയുണ്ട്. ഈ ബിൽ അവതരിപ്പിക്കാൻ അനുമതി നൽകാൻ പാടില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.മാണി): സെൻട്രൽ ലെജിസ്ലേഷന് എതിരാണെങ്കിൽ മാത്രമേ പ്രസിഡന്റിന്റെ മുൻകൂട്ടിയുളള അനുമതി ആവശ്യമുളളൂ. ഈ ബില്ലിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുളള അനുമതി ആവശ്യമില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനം ഗവർണ്ണറുടെ നയപ്രഖ്യാപനത്തിനും ബഡ്ജററ് അവതരിപ്പിക്കുന്നതിനുംവേണ്ടി മാത്രമാണ് കൂടിയത്. അതുകൊണ്ട് അന്ന് ഈ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. വനിതാ കമ്മീഷനിലെ ഏതെങ്കിലും ഒരംഗത്തെ മാററാൻ വേണ്ടിയല്ല അംഗസംഖ്യ കുറയ്ക്കാൻ വേണ്ടിയുളളതാണ് ബിൽ. അംഗസംഖ്യ കുറച്ചപ്പോൾ കുറെ അംഗങ്ങൾ ഇല്ലാതായതാണ്. ഏഴംഗ കമ്മീഷൻ ആയിരുന്നപ്പോഴാണ് പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉണ്ടായിരുന്നത്. ഈ കമ്മീഷനിലെ അംഗങ്ങൾക്ക് അലവൻസ് മാത്രമേയുളളൂ. അതുകൊണ്ട് ഇതു സംബബന്ധിച്ച റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ മാത്രമേ ഇവരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് അന്തിമമായി തീരുമാനമെടുക്കാൻ കഴിയൂ. ഈ ബില്ലിൽ രാഷ്ട്രീയം കാണുന്നത് ശരിയല്ല. ഇവിടെ ചൂണ്ടിക്കാണിച്ച ഒബ്ജക്ഷൻസ് ഒന്നും നിലനില്ക്കുന്നതല്ല.

വ്യവസായവും സാമുഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ചെലവ് ചുരുക്കലിന്റെ ഭാഗമായി എല്ലാ കമ്മീഷനുകളിലേയും അംഗസംഖ്യ കുറയ്ക്കാൻ പ്ളാനിംഗ് ബോർഡ് എടുത്ത തീരുമാനം ക്യാബിനററിൽ കൊണ്ടുവരികയും അംഗസംഖ്യ കുറയ്ക്കാൻ ക്യാബിനററ് തീരുമാനിക്കുകയും ചെയ്തു എന്നുള്ളതല്ലാതെ മററ് വിധത്തിലുള്ള യാതൊരുഉദ്ദേശവും ഇക്കാര്യത്തിലില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഒബ്ജക്ഷൻ നിലനില്ക്കുന്നതല്ല.

<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>: താഴെപ്പറയുന്ന നിരാകരണപ്രമേയം അവതരിപ്പിക്കുന്നു.

"This House resolves to disapprove The Kerala Women's Commission (Amendment) Ordinance, 2002 (Ordinance No.5 of 2002)".

എല്ലാ കമ്മീഷനുകളിലേയും അംഗസംഖ്യ ചരുക്കാൻ പ്ളാനിംഗ് ബോർഡ് തീരുമാനിച്ചപ്പോൾ കേരള വനിതാ കമ്മീഷന്റെയും അംഗസംഖ്യ ചുരുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന തികച്ചും അടിസ്ഥാനരഹിതമാണ്. വനിതാ കമ്മീഷനിൽ മാത്രമാണ് 7 അംഗങ്ങളുണ്ടായിരുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ചെലവ് ചുരുക്കാനായിരുന്നുവെങ്കിൽ ആദ്യം കുറയ്ക്കേണ്ടിയിരുന്നത് മന്ത്രിമാരുടെ എണ്ണവും നൂറുകണക്കിനുള്ള പേഴ്സണൽ സ്റ്റാഫിനേയുമായിരുന്നു. ദളിത് വിഭാഗത്തിനും എസ്.സി/എസ്.ടി.ക്കും കമ്മീഷനിൽ പ്രാതിനിധ്യം നൽകാതെ ആക്ടിനും നിയമത്തിനും വിരുദ്ധമായ നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരള വനിതാ കമ്മീഷൻ ആക്ട് നിയമസഭ പാസ്സാക്കിയത് ഐകകണ്ഠ്യേനയാണ്. നിലവിലുണ്ടായിരുന്ന കമ്മീഷനെ യുദ്ധകാലാടിസ്ഥാനത്തിൽ പിരിച്ചുവിട്ട് പുതിയതു രൂപീകരിക്കുകയും പക്കാ രാഷ്ട്രീയക്കാരിയായിട്ടുള്ള ശ്രീമതി എം. കമലത്തെ ചെയർപേഴ്സൺ ആക്കുകയും ചെയ്തത് വനിതാ കമ്മീഷന്റെ ലക്ഷ്യത്തിനും സംശുദ്ധിയ്ക്കും എതിരായിട്ടുള്ള വെല്ലുവിളിയാണ്. ഈ കമ്മീഷന്റെ പ്രവർത്തനംകൊണ്ട് കേരളത്തിലെ സ്ത്രീകൾക്ക് ഒരു ഗുണവും ലഭിക്കുകയില്ല. ജുഡിഷ്യൽ പദവിയിലുള്ള ചെയർപേഴ്സണും ആറ് അംഗങ്ങളും ഉൾപ്പെടുന്ന കേരള വനിതാ കമ്മീഷനെ പിരിച്ചുവിട്ട് പകരം യു.ഡി.എഫ് -ന്റെ മൂന്ന് പ്രവർത്തകരെ ഉൾപ്പെടുത്തി കമ്മിഷനെ രാഷ്ട്രീയവക്കരിക്കുകയാണ് ഈ ബില്ലിലൂടെ ഗവൺമെന്റ് ചെയ്യുന്നത്. കമ്മിഷനിൽനിന്ന് പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം എടുത്തുകളയാനുള്ള നീക്കം ഗവൺമെന്റ് ഉപേക്ഷിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഇത്തരം സമീപനത്തെ സ്ത്രീ സമൂഹത്തോടുള്ള വെല്ലുവിളിയായിട്ട് മാത്രമേ കേരളത്തിലെ ജനങ്ങൾ കാണുകയുള്ളു. 14 ജില്ലകളുള്ള കേരളത്തിൽ ആറ് അംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങൾ മൂന്നുപേരെക്കൊണ്ട് എങ്ങനെയാണ് ചെയ്യിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. രാഷ്ട്രീയപരമായി പ്രവർത്തിക്കുകയില്ലെന്ന് പ്രഖ്യാപിച്ച ഇന്നത്തെ ചെയർപേഴ്സൺ അദാലത്ത് നിശ്ചയിച്ചതിൽ ചില ജില്ലകളോട് അവഗണന കാണിച്ച നടപടി അപഹാസ്യമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതിനമുൻപ് ഒരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള ജനാധിപത്യവിരുദ്ധവും സ്ത്രീവിരുദ്ധവുമായ നടപടിയാണിത്. ഈ ബില്ലിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് നിയമസഭാമന്ദിരത്തിനുമുമ്പിൽ ഇന്ന് പ്രക്ഷോഭസമരം നടക്കുകയാണ്. ഈ ഭേദഗതി ബില്ലിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാനരഹിതമായ കാര്യങ്ങൾ

പിൻവലിച്ചുകൊണ്ട് മുമ്പ് നിലനിന്നിരുന്ന തരത്തിൽ വനിതാ കമ്മീഷനെ പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറകണം.

<u>ശ്രീമതി.ഗിരിജാ സുരേന്ദ്രൻ</u>: ദേശീയ വനിതാ കമ്മീഷനും മറ്റു സംസ്ഥാനങ്ങളിലെ വനിതാ കമ്മീഷനുകൾക്കും മാതൃകയായി പ്രവർത്തിച്ചുവന്ന കമ്മീഷനെ പിരിച്ചുവിട്ടുകൊണ്ട് തങ്ങൾക്ക് ഇഷ്ടമുള്ളവരെവച്ച് പുനഃസംഘടിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ബില്ലിനെ എതിർക്കുന്നു. കേരളത്തിൽ ദീർഘകാലത്തെ പ്രക്ഷോഭങ്ങളുടേയും സമരങ്ങളുടേയും ഫലമായി രൂപീകരിക്കപ്പെട്ടതാണ് കേരള വനിതാ കമ്മീഷൻ. നിഷ്പക്ഷവും വിവാദങ്ങൾക്ക് അതീതവുമായി പ്രവർത്തിച്ച ആ കമ്മിഷനെയാണ് ഈ ഗവൺമെന്റ് പിരിച്ചുവിടുന്നത്. വനിതാ കമ്മീഷന് ജുഡിഷ്യൽ സ്വഭാവമുണ്ടാകണമെന്നുള്ളതിന്റെ നഗ്നമായ ലംഘനമാണ് ഈ ബിൽ. അഞ്ചുവർഷത്തേയ്ക്ക് നിയമിച്ച ചെയർപേഴ്സണേയും അംഗങ്ങളേയും നിയമസഭ കൂടുന്നതിനുമുൻപ് പിരിച്ചുവിട്ട നടപടി നിയമവിരുദ്ധമാണ്. സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ പലതും വെളിച്ചത്ത് കൊണ്ടുവരാനും പരിഹാരം കാണാനും നിലവിലുണ്ടായിരുന്ന കമ്മീഷന് കഴിഞ്ഞിട്ടുണ്ട്.നിലവിലുണ്ടായിരുന്ന കമ്മീഷൻ പിരിച്ചുവിട്ടതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൻമേൽ തീരുമാനമാകുന്നതിനുമുൻപ് പുതിയ കമ്മീഷൻ രൂപീകരിക്കുകയില്ലെന്ന് അഡ്വക്കേറ്റ് ജനറൽ വാക്കാൽ നൽകിയ ഉറപ്പ് ഈ ഗവൺമെന്റ് ലംഘിച്ചിരിക്കുകയാണ്. പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം നൽകാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. കുറ്റം ചെയ്ത രാഷ്ട്രീയ പ്രവർത്തകരെ ശിക്ഷിക്കുന്നതിനുപകരം അത്തരം സ്ത്രീ പീഡനക്കേസ്സുകൾ ദുർബലപ്പെടുത്താനുള്ള നീക്കമാണ് ഇതിന് പിന്നിലുള്ളത്. ഡി.എൻ.എ ടെസ്റ്റ് നടത്താൻ അധികാരമുള്ള ഏക കമ്മിഷൻ ഇത് മാത്രമാണ്. തന്നെ കൊല്ലാൻ ശ്രമിച്ചു എന്ന് ആരും പരാതിപ്പെടാതെയാണ് ശ്രീ. കെ.പി. രാജേന്ദ്രൻ എം.എൽ.എ.യ്ക്ക് എതിരെ 307 വകുപ്പ് പ്രകാരം വധശ്രമത്തിന് കേസെടുത്തത്. ഈ ഗവണ്മെന്റ് ചെലവ് ചുരുക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ പി.എസ്. സി. അംഗങ്ങളുടെ എണ്ണം കുറയ്ക്കുമോ എന്ന് വ്യക്തമാക്കണം. ഏഴ് അംഗങ്ങളുണ്ടായിരുന്ന വനിതാ കമ്മീഷൻ പിരിച്ചുവിട്ട് മൂന്ന് അംഗങ്ങളാക്കിയ നടപടിയെ ഒരിക്കലും ന്യായീകരിക്കാൻ സാധിക്കുകയില്ല. കേരളത്തിലെ സ്ത്രീകൾക്ക് അത്താണിയായിട്ടുളള വനിതാ കമ്മീഷനെ ഏഴ് അംഗങ്ങളുളള കമ്മീഷനായി പുനസ്ഥാപിക്കാൻ ഗവണ്മെന്റ് തയ്യാറാകണം.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : 2002 ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ 30.9.2002 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ എല്ലാ സംവിധാനങ്ങളെയും രാഷ്ട്രീയവൽക്കരിക്കുന്നതിനുളള തുടക്കം കുറിച്ചത് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ്. പി.എസ്.സി. ജുഡീഷ്യൽ പദവിയുളള സ്ഥാപനങ്ങൾ, സാംസ്ക്കാരിക സ്ഥാപനങ്ങൾ എന്നിവയെ കാലാവധി കഴിയുന്നതിനു മുൻപ് പിരിച്ചുവിട്ട

പാരമ്പര്യമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിനുള്ളത്. വനിതാ കമ്മീഷന്റെ വിശാലമായ ആശയത്തെ ചെറുതായി കാണരുത്. ശ്രീമതി സുഗതകുമാരി പിരിഞ്ഞുപോകുന്ന സമയത്ത് പറഞ്ഞ വാക്കുകൾ ജനങ്ങൾ മറന്നിട്ടില്ല. അവർക്ക് നീതിക്കുവേണ്ടി കോടതിയെ സമീപിക്കേണ്ടി വന്നു. ഈ ഗവണ്മെന്റ് വനിതാ കമ്മീഷനെ നന്നായി പ്രവർത്തിപ്പിച്ച് അതിന്റെ ലക്ഷ്യത്തിലെത്തിക്കും. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാര് കാണാനുള്ള നടപടിയെടുക്കും. ഏഴാളാണോ മൂന്നാളാണോ എന്നുള്ളതല്ല പ്രശ്നം. ലോകത്തിനാകെ മാതൃകയായ വളരെ വിശാലമായ ലക്ഷ്യങ്ങളുള്ള വനിതാ കമ്മീഷനെ പരാതി കേൾക്കുന്ന സെല്ലായി ഒതുക്കുന്നതു ശരിയല്ല. സർക്കാരുകൾ മാറി വരുമ്പോൾ കോർപ്പറേഷനുകളും ബോഡുകളും പുനഃസംഘടിപ്പിക്കാറുണ്ട്. എന്തുദ്ദേശത്തോടുകൂടിയാണോ വനിതാ കമ്മീഷൻ രൂപീകരിക്കപ്പെട്ടത് ആ ലക്ഷ്യപ്രാപ്തിയിലേക്ക് കമ്മീഷനെ നയിക്കാനാവശ്യമായ കാര്യങ്ങൾ ഗവണ്മെന്റ് ചെയ്യണം. ഭരണഘടനാ പ്രകാരം കിട്ടിയിട്ടുള്ള അവകാശങ്ങളും അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കണം. കമ്മീഷൻ നൽകുന്ന ശുപാർശകൾ നടപ്പിലാക്കാൻ ഗവണ്മെന്റ് തയ്യാറാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2002 ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഗവൺമെന്റിന്റെ ചെലവ് ചുരുക്കൽ സമാപനത്തിന്റെ ഭാഗമായി 19-12-01-ന് ഗനൺമെന്റ് എടുത്ത തീരുമാനപ്രകാരമാണ് 7 അംഗങ്ങളുള്ള വനിതാ കമ്മിഷൻ പിരിച്ചുവിട്ട് മൂന്ന് അംഗങ്ങളെവച്ചത്. മൂന്ന് അംഗങ്ങളായി ചുരുക്കിയപ്പോൾ ഹരിജൻവിഭാഗത്തിൽപ്പെട്ട ഒരംഗത്തെ നിയമിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് വസ്തുതയാണ്. സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ നിയമ ഭേദഗതിയെ ചോദ്യം ചെയ്യാനുള്ള ധാർമ്മികമായ അവകാശം പ്രതിപക്ഷത്തിനില്ല.

ശ്രീ. എൻ രാജൻ: വനിതാ കമ്മിഷന് വലിയ സാദ്ധ്യതകളും സങ്കൽപ്പങ്ങളുമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ വനിതകളുടെ സംരക്ഷണം സംബന്ധിച്ച് ധാരാളം പഠനം നടത്തി ഗവൺമെന്റിന് റിപ്പോർട്ടുകൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ പല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രധാന ആക്ടിലെ 9- ാം വകുപ്പു പ്രകാരമാണ് വനിതാ കമ്മിഷൻ ഈ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നത്. പ്രസ്തുത വകുപ്പ് നീക്കം ചെയ്തത് ന്യായീകരിക്കത്തക്കതല്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി): 15.9.2000-ലാണ് വനിതാ കമ്മിഷൻ അംഗങ്ങൾ മൂന്നായി കുറയ്ക്കണമെന്നുള്ള തീരുമാനം ബോർഡ് എടുത്തത്. അതിന്റെ അടിസ്ഥാനത്തിലാൺ വനിതാ കമ്മിഷൻ പിരിച്ചുവിട്ട് മൂന്ന്

അംഗങ്ങളെ നിയമിച്ചത്. അംഗസംഖ്യ മൂന്ന് ആയപ്പോൾ പ്രതിപക്ഷത്തുനിന്നും ഒരാളേയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളേയും വയ്ക്കാൻ കഴിഞ്ഞില്ലെന്നുള്ളതിൽ ഖേദിക്കുന്നു. ഇത് ചെലവുചുരുക്കലിൻെറ ഭാഗമായി ചെയ്തതാണ്. കഴിഞ്ഞകാല കമ്മിഷനിൽ 7 അംഗം ഉണ്ടായിരുന്നപ്പോൾ പ്രതിപക്ഷത്തുനിന്നും ഒരാളെ കൊടുത്തിരുന്നുവെന്നുള്ളത് വസ്തുതയാണ്. വനിതകളുടെ ക്ഷേമത്തിനായി കഴിഞ്ഞ രണ്ട് കമ്മിഷനുകളും സമർപ്പിച്ച നിരവധി ശുപാർശകൾ ഗവണ്മെന്റിന്റെ മുൻപിലുണ്ട്. പലതിന്റെ കാര്യത്തിലും നടപടികളൊന്നുമെടുത്തിട്ടില്ല. ആ രീതി മാറ്റാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ കമ്മിഷന്റെ പ്രവർത്തനത്തിൽ യാതൊരു തരത്തിലുള്ള പാർഷ്യാലിറ്റിയും ഉണ്ടായിട്ടില്ല.. വനിതാ കമ്മിഷന്റെ ഇപ്പോഴത്തെ അദ്ധ്യക്ഷ വളരെ പ്രഗൽഭയാണ്. നിഷ്പക്ഷമായും ജുഡീഷ്യസായും കമ്മിഷൻ പ്രവർത്തിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. കഴിഞ്ഞ കമ്മിഷനുകൾ സമർപ്പിച്ച ശുപാർശകൾ ഫലപ്രദമായി നടപ്പിലാക്കും.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

2002-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ സാമൂഹ്യസേവനം എന്ന VI-ാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.32-ന് പിരിഞ്ഞു.